# സഅദിയ്യ 44 ന്റെ നിറവിൽ



## എം എ അബ്ദുൽ ഖാദർ മുസ്‌ലിയാർ: സമയത്തിന്റെ വിലയറിഞ്ഞ ഗുരു

മത-സാമൂഹ്യ-വൈജ്ഞാനിക മേഖലകളിൽ നാലര പതിറ്റാണ്ടു കാലമായി നിസ്തുല സേവനങ്ങൾ സമൂഹത്തിന് നൽകിക്കൊണ്ടിരിക്കുന്ന സഅദിയ്യയുടെ ബുദ്ധികേന്ദ്രവും ചാലക ശക്തിയുമാണ് എം എ ഉസ്താദ് എന്ന ചുരുക്കപ്പേരിൽ വിളിക്കപ്പെടുന്ന അഭിവന്ദ്യഗുരു എം എ അബ്ദുൽ ഖാദിർ മുസ്‌ലിയാർ.

സഅദിയ്യ പറയാതെ എം എ ഉസ്താദിന്റെയും ഉസ്താദിനെ പറയാതെ സഅദിയ്യയുടെയും ചരിത്രം പൂർണമാവില്ല. അത്രമാത്രം ഇഴുകി ചേർന്നതാണ് സഅദിയ്യയും എം എ ഉസ്താദും.

തന്റെ ചിന്തയും പാണ്ഡിത്യവും മുഴുക്കെയും സമൂഹ നന്മക്ക് പൊതുവെയും സമുദായ നന്മക്ക് പ്രത്യേകമായും നീക്കിവെച്ച മഹാത്യാഗിയാണ് 90 പിന്നിട്ട എം എ ഉസ്താദ്.

കേരളത്തിൽ മുക്കുമൂലകളിലും ഗ്രാമപ്രദേശങ്ങളിലും ഇന്ത്യക്കകത്തും പുറത്തും വ്യാപിച്ചു കിടക്കുന്നതും ലോകത്ത് മറ്റെവിടെയും കാണാൻ കഴിയാത്തതുമായ മദ്റസാ സംവിധാനത്തിനു പിന്നിലെ ആദ്യ ചിന്തയും തൂലികയും എം എ ഉസ്താദിന്റേതായിരുന്നു എന്ന് പുതിയ തലമുറ തിരിച്ചറിയുമ്പോഴാണ് ആ മഹാ ഗുരുവിനോട് കേരളീയ സമൂഹം എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്ന് ബോധ്യമാകുക.

അമൂല്യമായ ആയുസ്സിലെ ഓരോ നിമിഷത്തിന്റെയും ശരിയായ വില മനസ്സിലാക്കിയ ഉസ്താദ് അതിൽ ഒന്നു പോലും തന്നിക്കോ സമൂഹത്തിനോ ഗുണകരമല്ലാത്തതിൽ ചിലവഴിക്കാറില്ല. ആ മൂല്യ ബോധത്തിൽ നിന്ന് കൈരളിക്ക് ലഭിച്ച അമൂല്യ സംഭാവനയാണ് വിവിധ ഭാഷകളിലായുള്ള 30 ലധികം ഗ്രന്ഥങ്ങളും ആനുകാലികങ്ങളിലൂടെ എഴുതിയ ആയിരക്കണക്കിന് ലേഖനങ്ങളും.

44-ാം വാർഷികം ആഘോഷിക്കുന്ന സഅദിയ്യയുടെ ശിൽപി ബഹുമാന്യ ഗുരു നൂറുൽ ഉലമാ എം എ അബ്ദുൽ ഖാദിർ മുസ്‌ലിയാർക്ക് ആയുരാരോഗ്യ സൗഖ്യത്തിനായി നമുക്ക് പ്രാർഥിക്കാം.

നാലര പതിറ്റാണ്ടുകൾക്കു മുമ്പ് അവിഭക്ത കണ്ണൂർ ജില്ലയുടെ ഭാഗമായിരുന്ന ദേളി ഗ്രാമത്തിൽ ലളിതമായി തുടങ്ങിയ ജാമിഅ സഅദിയ്യ, ഇന്ന് മുപ്പതിൽപരം മത-ഭൗതിക സാങ്കേതിക സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന ഒരു സർവകലാശാലയായി മാറിയിരിക്കുന്നു.

മുസ്‌ലിം സമ്പന്നർക്ക് എന്നും മാതൃകയാക്കാവുന്ന നിഷ്കളങ്കതയുടെ പര്യായമായിരുന്ന പരേതനായ കല്ലട്ര അബ്ദുൽ ഖാദിർ ഹാജി തന്റെ സ്വന്തം വീട്ടിൽ 1971 ൽ കൊളുത്തി വെച്ച കൈത്തിരിയാണ് ഇന്ന് കേരളത്തിലും പുറത്തും വെളിച്ചം പരത്തുന്ന പ്രകാശ ഗോപുരമായി പരിലസിക്കുന്ന സഅദിയ്യ. ഒരു പ്രദേശത്തിന്റെ ആത്മീയ വിളക്കായി ഒരു കാലത്ത് ജ്വലിച്ചു നിന്നിരുന്ന സയ്യിദ് മുസ്‌ലിയാരുടെ നിത്യസ്മാരകമായാണ്, കല്ലട്ര തന്റെ വീട്ടിൽ ആരംഭിച്ച കലാലയത്തിന് സഅദിയ്യ എന്ന് പേരിട്ടത്. സഅദിയ്യക്കു പുറമെ തന്റെ സമ്പത്തും സ്വാധീനവും ഉപയോഗപ്പെടുത്തി പരിസര പ്രദേശങ്ങളിൽ മറ്റു പല ആത്മീയ-വൈജ്ഞാനിക സംരംഭങ്ങളും കല്ലട്ര സ്ഥാപിക്കുകയും നടത്തുകയും ചെയ്തിരുന്നു.

മത വിജ്ഞാനം കരസ്ഥമാക്കിയിരുന്നവർക്ക് മതത്തിനപ്പുറം ഭൗതിക കാര്യങ്ങളിലും ഭൗതിക മേഖലയിലുള്ളവർക്ക് അതിനപ്പുറം കാര്യമായൊന്നും അറിയാതിരുന്ന കാലഘട്ടത്തിലാണ്, രണ്ടു വിഷയങ്ങളും ഒത്തു ചേർന്ന...

...നങ്ങളും ഉണ്ടായെങ്കിൽ മാത്രമേ അടുത്ത ഭാവിയിൽ പ്രബോധന പ്രവർത്തനങ്ങൾ പ്രയോഗികമാക്കിയെടുക്കാൻ സാധിക്കൂ എന്ന ചിന്ത ഉയരുന്നതും സഅദിയ്യ ഉൽഭവിക്കുന്നതും.

ഈ അർഥത്തിൽ ജാമിഅ സഅദിയ്യയാണ് കേരളത്തിലെ ആദ്യത്തെ മത-ഭൗതിക സമന്വയ- വൈജ്ഞാനിക സംരംഭം എന്ന് പറയാം. പിന്നീട് കേരളത്തിൽ ഉയർന്ന് വന്നവയൊക്കെയും അടിസ്ഥാനപരമായി സഅദിയ്യയുടെ മാതൃകയിൽ പടുത്തുയർത്തപ്പെട്ടതാണ്.

1971ൽ തുടക്കം കുറിച്ച സഅദിയ്യ ശരീഅത്ത് കോളജിൽ ഇന്ന് 400 ലധികം വിദ്യാർഥികൾ പഠനം നടത്തുന്നുണ്ട്. മതപരമായ വിഷയങ്ങളിൽ ഉന്നത പഠനത്തിനുള്ള സൗകര്യങ്ങൾക്കു പുറമെ ഇംഗ്ലീഷ്, ഉർദു, അറബി ഭാഷാ പഠനങ്ങൾക്കും വലിയ പ്രാധാന്യം നൽകിയുള്ള പ്രത്യേക സിലബസ് സ്ഥാപനത്തിൽ തുടർന്നു വരുന്നു.

ഈജിപ്തിലെ അൽ അസ്ഹർ യൂണിവേഴ്സിറ്റി, ഡൽഹിയിലെ ഹംദർദ് മുസ്‌ലിം യൂണിവേഴ്സിറ്റി, അലിഗഢ് മുസ്‌ലിം യൂണിവേഴ്സിറ്റി, ഹൈദരാബാദിലെ ആസാദ് യൂണിവേഴ്സിറ്റി തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളുമായി ശരീഅത്ത് കോളജിൽ നിന്ന് നൽകുന്ന 'സഅദി' കോഴ്സ് അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. പുതിയ ലോകത്ത് ഇന്ന് ഏറെ അനിവാര്യമായ കമ്പ്യൂട്ടർ ഉൾ...

...ളിൽ വിദ്യാർഥികൾക്ക് പരിജ്ഞാനം ലഭ്യമാക്കാനും മാനേജ്മെന്റ് അങ്ങേയറ്റം ശ്രദ്ധിക്കുന്നുണ്ട്.

ഹോസ്റ്റൽ സൗകര്യത്തോടെ ഭൗതിക മേഖലയിൽ ഉന്നത പഠന സൗകര്യമൊരുക്കുന്ന സഅദിയ്യയുടെ സംരംഭമാണ് ആർട്സ് ആന്റ് കൊമേഴ്സ് കോളജ്. കമ്പോളവൽക്കരിക്കപ്പെട്ട ഭൗതിക വിദ്യാഭ്യാസ മേഖലയിൽ വൻതുക കെട്ടിവെക്കാൻ സാധിക്കാതെ പുറം തള്ളപ്പെടുന്ന വിദ്യാർഥികളെ ഈ സ്ഥാപനം പ്രധാനമായും ലക്ഷ്യം വെക്കുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിവരുന്ന വിദ്യാർഥികൾക്ക് അവരുടെ താൽപര്യവും അഭിരുചിയും അനുസരിച്ച് വിവിധ മേഖലയിൽ ഔന്നിത്യം നേടാൻ സഅദിയ്യ ആർട്സ് കോളജ് അവസരം നൽകുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം വരെ നൽകുന്ന സ്ഥാപനത്തിൽ മതപരമായ വിഷയങ്ങളിലും മതിയായ അവബോധം നൽകുന്നതാണ് വിദ്യാഭ്യാസ രീതി.

ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഹിഫ്ളുൽ ഖുർആൻ കോളജ്, ഗേൾസ് ഓർഫനേജ്, ബോയ്സ് ഓർഫനേജ്, സയൻസ് കോളജ്, സെക്കണ്ടറി മദ്രസ, അഗതി മന്ദിരം, നഴ്സറി സ്കൂൾ, സഅദിയ്യ ഹോസ്പിറ്റൽ തുടങ്ങിയ 30ലധികം വിവിധ സ്ഥാപനങ്ങളിലായി ജാമിഅ സഅദിയ്യയിൽ ഇന്ന് പതിനയ്യായിരത്തോളം വിദ്യാർഥികൾ പഠനം നടത്തുന്നു. ഉദാരമതികളുടെ അകമഴിഞ്ഞ സ...

സ്ഥാപനത്തിന്റെ അനുദിന വളർച്ചയിലും മുന്നോട്ടുള്ള ഗമനത്തിലും എന്നും തണലായിട്ടുള്ള...

...ത്. അഭിമാനപൂർവം 44-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ പ്രാർഥനയോടെയും നന്ദി...

...യോടെയും എല്ലാവരെയും സ്മരിക്കുന്നു. ധാരാളം അംഗീകാരങ്ങളും ആദരങ്ങളും കഴിഞ്ഞ കാല...

...ങ്ങളിൽ സഅദിയ്യക്ക് ലഭിച്ചിട്ടുണ്ട്. അതിലൊന്നാണ് ദുബൈ മതകാര്യ വകുപ്പിന്റെ അംഗീകാര...

...ത്തോടെ 300 ഓളം വിദ്യാർഥികൾക്ക് അറിവ് പകരുന്ന ദുബൈ സഅദിയ്യ സെന്റർ.



സഅദിയ്യ ശരീഅത്ത് കോളജ് കെട്ടിടം